# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3329 19.06.2018 ൽ മറുപടിയ്ക്ക്**

**<u>കേരളത്തിന് വെളിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ</u>**

| | ചോദ്യം<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിന് വെളിയിൽ പ്രത്യേകിച്ചും കേന്ദ്രഭരണപ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ എത്രയെന്ന് കണക്ക് ലഭ്യമാണോ; ഇത്തരം ഇതരസംസ്ഥാന രജിസ്ട്രേഷൻ കാരണം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ കുറവുവരുന്നത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിച്ചുവരുന്നതായി കരുതപ്പെടുന്ന 1007 വാഹനങ്ങൾക്ക് കേരളത്തിലെ നികുതി ഒടുക്കുന്നതിനു നോട്ടീസ് നൽകിയിരുന്നു. നികുതി സംബന്ധമായ കാര്യത്തിൽ കൃത്യമായ കണക്കെടുപ്പ് പ്രായോഗികമല്ല. ഈ വാഹനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണത്തിനു ശേഷമേ ടാക്സ് വസൂലാക്കുന്നതിന് സാധ്യമാകുകയുള്ളൂ. നികുതിയിനത്തിൽ നാളിതുവരെ 417 വാഹനങ്ങളിൽ നിന്നും 35 കോടിയില്പരം രൂപ വസൂലാക്കിയിട്ടുണ്ട്. |
| (ബി) | അത്തരം വാഹനങ്ങൾ കേരളത്തിൽ രജിസ്ട്രേഷൻ എടുക്കാതെ തുടർച്ചയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള, മോട്ടോർ വാഹന നിയമപ്രകാരമുള്ള, കാലാവധി എത്രയാണ്; ചട്ടലംഘനം കണ്ടെത്താൻ ഇപ്പോൾ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | 30 ദിവസത്തിൽ കൂടുതൽ ഒരു വർഷം വരെയുള്ള ഉപയോഗത്തിന് നിശ്ചിത ടാക്സ് ഒടുക്കി ഉപയോഗിക്കാവുന്നതാണ്. ചട്ട ലംഘനം നടത്തുന്നത് കണ്ടുപിടിക്കുന്നതിന് വാഹന പരിശോധന മാത്രമാണുള്ളത്.<br><br>വാഹന പരിശോധനയ്ക്കും മറ്റുമായി സേഫ് കേരള പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (സി) | ലക്ഷക്കണക്കിന് വാഹനങ്ങൾ ഇങ്ങനെ പരിശോധിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമാണോ; | | |
| (ഡി) | അത്തരം വാഹനങ്ങൾ കേരളത്തിനകത്തേക്ക് പ്രവേശിക്കുന്നതിന് എൻട്രി പാസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; മോട്ടോർ വാഹനനിയമപ്രകാരം അനുവദനീയമായ പാസ് ഉപകരിക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) യും (ഇ) യും | നിലവിൽ സംവിധാനമില്ല, ഈ കാര്യത്തിൽ വിശദമായ പഠനവും സംവിധാനങ്ങളും ആവശ്യമാണ്. |
| (ഇ) | അത്തരം എൻട്രിപാസ് ഇല്ലാതെ അനധികൃതമായി ഉപയോഗിക്കുന്ന വാഹനങ്ങൾ പരിശോധനയിൽ കണ്ടെത്തിയാൽ സംസ്ഥാനത്തിന് കിട്ടാനുള്ള യഥാർത്ഥ റോഡ് ടാക്സും പിഴയും ഈടാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ